(സി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും പ്രസ്തുത വകുപ്പിന് എന്തു തുക വീതം ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു;

(ഡി) അതിൽ എന്തു തുക വീതം ഓരോ വർഷവും ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) എന്തു തുക വീതം ഓരോ വർഷവും സറണ്ടർ ചെയ്തു;

(എഫ്) എന്തു തുക വീതം ഓരോ വർഷവും ടി.പി.അക്കൗണ്ടിൽ നിക്ഷേപിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ. ഇ.കെ. മാജി. ഐ.എ.എസ്
2. ശ്രീ. രാജുനാരായണ സ്വാമി ''
3. ശ്രീ. ജി. കമൽവർദ്ധന റാവു ''
4. ശ്രീ. കെ.ആർ. ജ്യോതിലാൽ ''
5. ശ്രീ. ആർ. പ്രഭാകരൻ ''
6. ശ്രീ. റ്റി. തങ്കപ്പൻ ''

(ബി) ശ്രീ. ഡി.രവി. ''
2. ശ്രീ. എൻ.എം. സാമുവൽ ''
3. ശ്രീ. റാംസിംഗ് ''
4. ശ്രീ. എൻ.വി. മാധവൻ ''

(സി)

വർഷം		രൂപ
1996-97	-	86,88,93.000
1997-98	-	121,02,46.000
1998-99	-	106,08,85.000
1999-2000	-	111,40,48.000

(ഡി)-(എഫ്) വിവരം ശേഖരിച്ചു വരുന്നു.

112 (636) കോഴിക്കോട് ജില്ലയിലെ തീരദേശ റോഡുകളുടെ നിർമ്മാണം

ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 വർഷത്തിൽ ഫിഷറീസ് മേഖലയിൽ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം റോഡുകളാണ് തെരഞ്ഞെടുത്തതെന്ന് അറിയിക്കുമോ;

(ബി) കൊയിലാണ്ടിയിലെ പയ്യോളി പഞ്ചായത്തിലെ കോട്ടക്കടവ് റോഡിന്റെ പണി ആരംഭിക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുമോ?

ഉത്തരം

(എ) താഴെ പറയുന്ന റോഡുകളാണ് തെരഞ്ഞെടുത്തത്.

1. അവിത്താൻ റോഡ് പുനരുദ്ധാരണം
2. എടക്കൽ-വിരുന്തിശ്ശേരി റോഡ്
3. ചുങ്കം-റോഡ്-റെയിൽവേ ഗേറ്റിനു വടക്കുവശം
4. എടക്കൽ വയക്കണ്ടി റോഡ് പുനരുദ്ധാരണം

LIBRARY ARCHIVES Kerala Legislative Assembly

5. കണ്ണൽ കടവ്- കാപ്പാട്ട് റോഡ്
6. കോടക്കടവ് റോഡ്
7. കടുക്കബസ്സാർ വാക്കടവ് റോഡ്
8. എലിക്കോൻമുക്ക് വെങ്ങപ്പാലച്ചിറയ്ക്കൽ കുന്നിനു താഴെ ബീച്ച് റോഡ്
9. അത്താണി ബീച്ച് റോഡ്
10. അവിക്കൽ-കാട്ടിലപ്പള്ളി റോഡ്
11. നാരിച്ചാൽ റോഡ്
12. ബേപ്പൂർ ഫിഷിംഗ് ഹാർബർ റോഡ്
13. പൊയിൽക്കടവ് ബീച്ച് റോഡ്
14. അരങ്ങാടത്ത് ചാൽ റോഡ്
15. കാട്ടിലപ്പീടിക കണ്ണംകടവ് റോഡ്
16. കൊയിലാണ്ടി ഫിഷിംഗ് ഹാർബർ റോഡ്
17. ചക്കുംകാവ് ജംഗ്ഷൻ മുതൽ കോയവളപ്പ് ജംഗ്ഷൻ വരെയുള്ള അയ്യങ്കാർ റോഡ്
18. ചക്കുംകാവ് ജംഗ്ഷൻ മുതൽ ചക്കുംകാവ് വരെയുള്ള റോഡ്
19. മുഖദാർ-കോതി റോഡ്

(ബി) 1.606 കി.മീറ്റർ നീളത്തിൽ പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്.

113 (637) ഫിഷിംഗ് ഹാർബർ

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ട് എത്ര വർഷമായി:

(ബി) പ്രസ്തുത പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) ഹാർബറിന്റെ മോഡൽ സ്റ്റഡി നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) പ്രോജക്ടിന്റെ പണി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 4 വർഷം.

(ബി) 130.3 ലക്ഷം രൂപ.

(സി) & (ഡി) പ്രാരംഭഘട്ടത്തിലാണ് .

(ഇ) മോഡൽ സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പുതുക്കിയ രൂപരേഖ പരിശോധിച്ചു അനുമതി നൽകിയശേഷമേ പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാവൂ.

114 (638) പോളച്ചിറയിൽ മത്സ്യകൃഷി

<u>ശ്രീ. കടന്നപ്പിള്ളി രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly